# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 22**

---

## ഒരാഴ്ച്ചകൊണ്ട് ഡ്രോൺ പറത്താൻ പഠിക്കാം; ഡി.ജി.സി.എ അംഗീകൃത സർട്ടിഫിക്കറ്റ് നേടാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൻറെ അംഗീകാരമുള്ള സ്മോൾ കാറ്റഗറി ഡ്രോൺ പൈലറ്റ് പരിശീലനത്തിന് ഇപ്പോൾ അപേക്ഷിക്കാം. സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻറ് ജി.ഐ.എസാണ് ഏഷ്യാ സോഫ്റ്റ് ലാബിൻറെ സാങ്കേതിക സഹകരണത്തോടെ ഒരാഴ്ച്ചത്തെ കോഴ്സ് നടത്തുന്നത്. ആദ്യ ബാച്ച് ഏപ്രിലിൽ ആരംഭിക്കും.

ആർ. സതീഷ് സെൻററുമായി ചേർന്ന് നിലവിൽ കോഴ്സുകൾ നടത്തിവരുന്ന ഏഷ്യാസോഫ്റ്റ് ലാബിന് അടുത്തയിടെയാണ് വ്യോമയാന മന്ത്രാലയത്തിൻറെ അംഗീകാരം ലഭിച്ചത്. സംസ്ഥാനത്ത് ഒരു സർവകലാശാലയുമായി ചേർന്നു പ്രവർത്തിക്കുന്ന ആദ്യ അംഗീകൃത പൈലറ്റ് ട്രെയിനിംഗ് സ്ഥാപനമാണിത്.

യുവതലമുറയ്ക്ക് തൊഴിൽ രംഗത്ത് പുതു സാധ്യതകൾ തുറക്കുന്ന കോഴ്സാണിതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. വ്യവസായം, കൃഷി, സർവേ, ദുരന്തനിവാരണം തുടങ്ങി വിവിധ മേഖലകളിൽ ഇപ്പോൾ ഡ്രോണുകൾ ഉപയോഗിക്കുന്നുണ്ട്. ഈ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയും വിധമാണ് കോഴ്സ് ചിട്ടപ്പെടുത്തിയിരിക്കുതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഡ്രോൺ സാങ്കേതിക വിദ്യയുടെ തിയറിയും പ്രായോഗിക പരിശീലനവും ഉൾപ്പെടുന്നതാണ് കോഴ്സ്. ഡ്രോൺ പറത്തുന്നതിനു പുറമെ അസംബ്ലിംഗ്, അറ്റകുറ്റപ്പണികൾ എന്നിവയും ഡ്രോൺ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും നിബന്ധനകളും മനസിലാക്കുന്നതിനും അവസരമുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് അംഗീകൃത റിമോട്ട് പൈലറ്റ് ലൈസൻസ് ലഭിക്കും.

പതിനെട്ടിനും അറുപതിനും ഇടയിൽ പ്രായമുള്ള പത്താം ക്ലാസ് വിജയിച്ചവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും https://ses.mgu.ac.in, https://asiasoftlab.in എന്നീ ലിങ്കുകളിൽ ലഭിക്കും. ഫോൺ - 7012147575, 9395346446 , 9446767451 . ഇ മെയിൽ - uavsesmgu@,email.com / info@asiasoftlab.in

(പി.ആർ.ഒ/39/268/2024)

## പരീക്ഷകൾ മാറ്റിവച്ചു

അഞ്ചാം സെമസ്റ്റർ സിബിസിഎസ്(സ്പെഷ്യൽ റീഅപ്പിയറൻസ് 2021 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കു മാത്രം) ബിരുദ പരീക്ഷയിലെ മാർച്ച് 25ന് നടത്താനിരുന്ന പരീക്ഷ ഏപ്രിൽ 22ലേക്കും ഏപ്രിൽ 22ന് നടത്താനിരുന്നത് ഏപ്രിൽ 23ലേക്കും മാറ്റി. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/269/2024)

## പരീക്ഷാ കേന്ദ്രം

മാർച്ച് 26ന് തുടങ്ങുന്ന ആറാം സെമസ്റ്റർ സിബിസിഎസ് ബി.എ, ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ(2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് സബ്സെൻറർ അനുവദിച്ചു. വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/270/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് സസ്റ്റെയ്നബിൾ അഗ്രികൾച്ചർ(2021 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ അഞ്ചു മുതൽ പാലാ സെൻറ് തോമസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

ഒന്നാം സെമസ്റ്റർ എം.എസ്.സി ഇൻഡസ്ട്രിൽ കെമിസ്ട്രി(സിഎസ്എസ് - 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 26 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

ആറാം സെമസ്റ്റർ ബി.എഫ്.ടി, ബി.എസ്.സി അപ്പാരൽ ആൻറ് ഫാഷൻ ഡിസൈൻ(സിബിസിഎസ് - പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 25 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/271/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി സുവോളജി(പിജിസിഎസ്എസ് 2017,2018 അഡ്മിഷൻ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മെയ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/272/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**